**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3378** **14-07-2022 - ൽ മറുപടിയ്ക്ക്**

**കർഷകർക്കുണ്ടായ നഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ കൊയ്ത നെല്ലുകൾ സംഭരിക്കാൻ മൂന്നാഴ്ചയിൽ കൂടുതൽ സമയം വൈകിയത് കാരണം കർഷകർക്കുണ്ടായ നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2021 നവംബർ, 2022 മെയ് എന്നീ മാസങ്ങളിൽ ഉണ്ടായ ശക്തമായ മഴമൂലം 2021-22 സീസണിലെ നെല്ല് സംഭരണം മന്ദീഭവിച്ചിരുന്നുവെങ്കിലും സപ്ലൈകോയിൽ രജിസ്റ്റർ ചെയ്ത മുഴുവൻ കർഷകരുടെയും നെല്ല് സംഭരിക്കപ്പെട്ടിട്ടുണ്ട്. |
| (ബി) | നഷ്ടം സംഭവിച്ച കർഷകരുടെ നഷ്ടം നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; കൃത്യ സമയത്ത് തന്നെ നെല്ല് കൊയ്ത് സംഭരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | നഷ്ടം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എല്ലാ സീസണിലും സമയബന്ധിത മായി കൊയ്ത്ത് നടത്തുന്നതിനായി പാടശേഖര സമിതി ഭാരവാഹികളുടേയും കൊയ്ത്ത് മെഷീൻ ഉടമകളുടേയും യോഗം വിളിച്ചു ചേർത്ത് നിർദ്ദേശം നൽകുകയും , നെല്ല് സംഭരിക്കുന്ന തിനായി മില്ലുകൾക്ക് കൊയ്ത്ത് ആരംഭിക്കുന്നതിന് മുമ്പുതന്നെ പാടശേഖര ങ്ങൾ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. പാടശേഖരങ്ങൾ അനുവദിച്ച് നൽകിയതിനു ശേഷം 30 ദിവസങ്ങൾക്കകം മില്ലുകൾ നെല്ല് സംഭരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ശക്തമായ മഴ, വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുന്ന അവസരങ്ങ ളിൽ മാത്രമാണ് നെല്ല് സംഭരണം മന്ദീഭവിക്കുന്നത്. ഇത്തരം അവസരങ്ങളിൽ നെല്ലിന്റെ ഗുണനിലവാരശോഷണം സംഭവിക്കുന്നതും സംഭരണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാറുണ്ട്. ഏത് പ്രതികൂല കാലാവസ്ഥയിലും സമയബന്ധിതമായി നെല്ലെടുപ്പ് പൂർത്തികരിക്കാനുള്ള സത്വര നടപടികൾ സപ്ലൈകോ അപ്പപ്പോൾ ചെയ്തുവരാറുണ്ട്. |

സെക്ഷൻ ഓഫീസർ